# മഹാത്മാഗാന്ധി സർവ്വകലാശാല


**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 ഒക്ടോബർ 08

## വാർത്താക്കുറിപ്പ്

---

### ആറാം സെമസ്റ്റർ ബിരുദ പരീക്ഷയെഴുതാൻ വിവരങ്ങൾ ഇന്നുകൂടി (ഒക്ടോബർ 9) നൽകാം

മഹാത്മാഗാന്ധി സർവകലാശാല 2020 ജൂണിൽ നടത്തിയ ആറാം സെമസ്റ്റർ സി.ബി.സി.എസ്. റഗുലർ/പ്രൈവറ്റ് പരീക്ഷകൾ കൊവിഡ് 19 വ്യാപനം മൂലം എഴുതാൻ കഴിയാത്ത വിദ്യാർഥികൾക്കായി ഒക്ടോബർ 12 മുതൽ ആരംഭിക്കുന്ന പരീക്ഷയെഴുതുന്നതിന് വിദ്യാർഥികൾക്ക് ഇന്നുകൂടി (ഒക്ടോബർ 9) ഓൺലൈനായി വിവരങ്ങൾ നൽകാം. സർവകലാശാല വെബ്സൈറ്റിൽ ലഭ്യമായ https://forms.gle/mQCSas6uCboDnpyh7 എന്ന ലിങ്കിലൂടെ ഗൂഗിൾ ഫോമിൽ ആവശ്യപ്പെട്ട വിവരങ്ങൾ ഉച്ചകഴിഞ്ഞ് ഒരുമണിക്കകം അപ്‌ലോഡ് ചെയ്യണം. ഗൂഗിൾ ഫോമിൽ ലഭ്യമായ 14 കോളേജുകളിൽ ഒരെണ്ണം വിദ്യാർഥിക്ക് പരീക്ഷകേന്ദ്രമായി തെരഞ്ഞെടുക്കാം. ജൂണിൽ നടന്ന പരീക്ഷയെഴുതി പരാജയപ്പെട്ട വിദ്യാർഥികൾ അപേക്ഷിക്കേണ്ടതില്ല.

(പി.ആർ.ഒ/39/968/2020)

### മഹാത്മാഗാന്ധി സർവകലാശാല ബിരുദ പ്രവേശനം; മൂന്നാം അലോട്ട്മെന്റായി

**- അലോട്ട്മെന്റ് ലഭിച്ചവർ ഒക്ടോബർ 13ന് വൈകിട്ട് നാലിനകം പ്രവേശനം ഉറപ്പാക്കണം**

**- ഒക്ടോബർ 14നും 15നും ഓപ്ഷൻ പുതുക്കാം**

മഹാത്മാഗാന്ധി സർവകലാശാലയ്ക്കു കീഴിലുള്ള കോളജുകളിൽ ബിരുദ പ്രോഗ്രാം പ്രവേശനത്തിനുള്ള മൂന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ നിശ്ചിത സർവകലാശാല ഫീസ് ഓൺലൈനായി അടച്ച് ഒക്ടോബർ 13ന് വൈകിട്ട് നാലിനകം പ്രവേശനം കൺഫേം ചെയ്യണം. സ്ഥിരപ്രവേശനം നേടുന്നവർ കോളജുമായി ബന്ധപ്പെട്ട് നിശ്ചിത കോളജ് ഫീസ് അടച്ച് പ്രവേശനം സ്ഥിരപ്പെടുത്തണം.

ഒക്ടോബർ 13ന് വൈകിട്ട് നാലിനു മുമ്പായി നിശ്ചിത ഫീസ് അടയ്ക്കാത്തവരുടെയും ഫീസടച്ചശേഷം അലോട്ട്മെന്റ് കൺഫേം ചെയ്യാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കപ്പെടും. കോളജുകൾ പ്രവേശനം കൺഫേം ചെയ്തതിന്റെ തെളിവായി കൺഫർമേഷൻ സ്ലിപ് ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കണം. കൺഫർമേഷൻ സ്ലിപ് ഇല്ലാത്തവരുടെ പ്രവേശനം സംബന്ധിച്ച പരാതികൾ സർവകലാശാല സ്വീകരിക്കില്ല.

ഓപ്ഷനുകൾ പുനക്രമീകരിക്കുന്നതിനും ഒഴിവാക്കാനും ഒക്ടോബർ 14, 15 തീയതികളിൽ അവസരം ലഭിക്കും. നാലാം അലോട്ട്മെന്റ് ഒക്ടോബർ 19നകം പ്രസിദ്ധീകരിക്കും. ഒന്നാം സെമസ്റ്റർ ക്ലാസുകൾ ഒക്ടോബർ 22ന് ആരംഭിക്കും.

(പി.ആർ.ഒ/39/969/2020)

## എം.ജി. കേന്ദ്രീകൃത പ്രവേശനത്തിനെതിരായ ഹർജി ഹൈക്കോടതി തള്ളി

മഹാത്മാഗാന്ധി സർവകലാശാല അഫിലിയേറ്റഡ് കോളജുകളിലെ ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള കേന്ദ്രീകൃത പ്രവേശന നടപടിക്കെതിരെ സ്വാശ്രയ കോളജ് മാനേജ് മെന്റ് അസോസിയേഷൻ നൽകിയ ഹർജി ഹൈക്കോടതി തള്ളി. സർവകലാശാല മികച്ച രീതിയിൽ സുതാര്യമായി നടത്തുന്ന കേന്ദ്രീകൃത പ്രവേശന പ്രക്രിയയ്ക്കെതിരെ പരിഗണിക്കാവുന്ന വാദമുഖങ്ങൾ നിരത്താൻ കഴിഞ്ഞിട്ടില്ലെന്ന് നിരീക്ഷിച്ചാണ് ജസ്റ്റിസ് അനു ശിവരാമൻ സർവകലാശാലയ്ക്ക് അനുകൂലമായി വിധി പ്രസ്താവിച്ചത്. സ്വാശ്രയ കോളജ് മാനേജ്മെന്റ് അസോസിയേഷൻ നൽകിയ കേസിനെത്തുടർന്ന് മൂന്നാം അലോട്ട്മെന്റ് പ്രഖ്യാപിക്കുന്നതിൽ കാലതാമസം വന്നിരുന്നു. വിധി വന്നതോടെ ഇന്നലെ (ഒക്ടോബർ 8) മൂന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അഫിലിയേറ്റഡ് കോളജുകളിലെ ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാം പ്രവേശനം സുതാര്യവും കാര്യക്ഷമവുമായി നടത്തുന്നതിനാണ് ഓൺലൈനിലൂടെ അപേക്ഷ നൽകാവുന്ന കേന്ദ്രീകൃത ഏകജാലക പ്രവേശന സംവിധാനം (ക്യാപ്) സർവകലാശാല നടപ്പാക്കിയത്. മികച്ച നിലയിലാണ് ക്യാപിന്റെ പ്രവർത്തനം. കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഇത്തവണ പ്രവേശനം പൂർണമായും ഓൺലൈനിലാക്കിയത് വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കും ആശ്വാസമേകി.

(പി.ആർ.ഒ/39/970/2020)

## പുതുക്കിയ പരീക്ഷ തീയതി

മാർച്ച് 20, 23, 25, 27, 30 തീയതികളിൽ നടത്താനിരുന്നതും മാറ്റിവച്ചതുമായ ഒന്നാം സെമസ്റ്റർ എം.എ./എം.എസ്‌സി./എം.കോം./എം.സി.ജെ./എം.എം.എച്ച്./എം.എസ്.ഡബ്ല്യു./എം.ടി.എ., എം.ടി.ടി.എം. (2015-2017 അഡ്മിഷൻ സപ്ലിമെന്ററി/2018 അഡ്മിഷൻ സപ്ലിമെന്ററി, ഇംപ്രൂവ്മെന്റ്/2012, 2013, 2014 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷകൾ യഥാക്രമം നവംബർ നാല്, ആറ്, ഒൻപത്, 11, 13 തീയതികളിൽ നടക്കും.

(പി.ആർ.ഒ/39/971/2020)

ജൂലൈ 10, 13, 15, 17, 22, 24 തീയതികളിൽ നടത്താനിരുന്നതും മാറ്റിവച്ചതുമായ അഫിലിയേറ്റഡ് കോളജുകളിലെ നാലാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.എ. എൽ.എൽ.ബി. ഓണേഴ്സ് (2017 അഡ്മിഷൻ റഗുലർ, 2016 അഡ്മിഷൻ സപ്ലിമെന്ററി), പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബി.എ. എൽ.എൽ.ബി. (2015 അഡ്മിഷൻ സപ്ലിമെന്ററി), പഞ്ചവത്സര ബി.എ. എൽ.എൽ.ബി. (2012-2014 അഡ്മിഷൻ സപ്ലിമെന്ററി), ബി.എ. (ക്രിമിനോളജി) എൽ.എൽ.ബി. ഓണേഴ്സ് പഞ്ചവത്സര ഇന്റഗ്രേറ്റഡ് (2011 അഡ്മിഷൻ സപ്ലിമെന്ററി), ബി.ബി.എ. എൽ.എൽ.ബി. ഓണേഴ്സ് (2017 അഡ്മിഷൻ റഗുലർ, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി), പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.ബി.എ. എൽ.എൽ.ബി. ഓണേഴ്സ് (2015 വരെയുള്ള അഡ്മിഷൻ സപ്ലിമെന്ററി), പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.കോം. എൽ.എൽ.ബി. ഓണേഴ്സ് (2017 അഡ്മിഷൻ റഗുലർ, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി), പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.കോം. എൽ.എൽ.ബി. ഓണേഴ്സ് (2015 വരെയുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ യഥാക്രമം നവംബർ മൂന്ന്, ആറ്, ഒൻപത്, 11, 13, 16 തീയതികളിൽ നടക്കും. പരീക്ഷകേന്ദ്രത്തിന് മാറ്റമില്ല.

(പി.ആർ.ഒ/39/972/2020)

## വൈവാവോസി

2019 ജൂലൈയിൽ നടന്ന ബി.ബി.എ. ഓഫ് കാമ്പസ് പരീക്ഷയുടെ വൈവാവോസി/പ്രൊജക്ട് മൂല്യനിർണയ പരീക്ഷകൾ ഒക്ടോബർ 19ന് രാവിലെ 10 മുതൽ ഏറ്റുമാനൂർ ഏറ്റുമാനൂരപ്പൻ കോളജിൽ നടക്കും. വിദ്യാർഥികൾ ഹാൾടിക്കറ്റുമായി കോളജിൽ എത്തണം.

(പി.ആർ.ഒ/39/973/2020)

**എ. അരുൺകുമാർ**

പബ്ലിക്റിലേഷൻസ്ഓഫീസർ